KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref No: 12404 10/01/2024

## സർക്കുലർ നമ്പർ 3/2024 (BD)

വിഷയം: കമ്പനിയിലെ ചിട്ടി ക്യാൻവാസിങ്ങ്/ ഡോർ കളക്ഷൻ ഏജന്റുമാർക്കും ഗോൾഡ് അപ്രൈസർമാർക്കും നൽകി വരുന്ന ഇൻഷുറൻസ് പരിരക്ഷ പുതുക്കിയത് സംബന്ധിച്ച്.

സൂചന: 31/12/2022 തീയതിയിലെ 90/2022 (BD) നമ്പർ സർക്കുലർ

****

ചിട്ടി ക്യാൻവാസിങ്ങ്/ ഡോർ കളക്ഷൻ ഏജന്റുമാർക്കും, ഗോൾഡ് അപ്രൈസർമാർക്കും നിബന്ധനകൾക്ക് വിധേയമായി ഇൻഷുറൻസ് പരിരക്ഷ ഈ സാമ്പത്തിക വർഷവും ഏർപ്പെടുത്താൻ തീരുമാനിച്ചതു പ്രകാരം United India Insurance Company Ltd ന്റെ Group Personal Accidental Insurance Policy നടപ്പാക്കിയിട്ടുള്ള വിവരം അറിയിക്കുന്നു. ഇതുപ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 75 ടിക്കറ്റോ അതിൽ കൂടുതലോ ക്യാൻവാസ് ചെയ്ത ഡോർ കളക്ഷൻ/ ക്യാൻവാസിംഗ് ഏജന്റുമാർ 1043 പേരും 31/03/2023 ൽ രണ്ടു കോടിയോ അതിലധികമോ ഗോൾഡ് ലോൺ ബിസിനസ്സ് (outstanding) ഉള്ള ശാഖകളിലെ സ്ഥിരം അപ്രൈസർമാർ 428 പേരും ഉൾപ്പെടെ മൊത്തം 1471 പേരാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഈ പോളിസിയുടെ വിശദ വിവരങ്ങൾ താഴെ നൽകുന്നു.

## Group Personal Accident Insurance Policy

**ഇൻഷുറൻസ് പോളിസി കാലാവധി : 30/12/2023 to 29/12/2024**

### പോളിസിയുടെ പ്രത്യേകതകൾ

| | | |
|---|---|---|
| 1. | അപകട മരണം സംഭവിച്ചാൽ | 3 ലക്ഷം രൂപ |
| 2. | മരണാനന്തര ചടങ്ങുകളുടെ ചിലവ് | 5,000/- രൂപ |
| 3. | മരണപ്പെട്ട വ്യക്തിക്ക് സ്കൂളിൽ പഠിക്കുന്ന കുട്ടികൾ ഉണ്ടെങ്കിൽ (പരമാവധി 2 കുട്ടികൾക്ക്) | 5,000/- രൂപ വീതം |
| 4. | സ്ഥിരവും പൂർണ്ണവുമായ അംഗവൈകല്യം സംഭവിച്ചാൽ | 3 ലക്ഷം രൂപ |
| 5. | സ്ഥിരവും ഭാഗീകവുമായ അംഗവൈകല്യം സംഭവിച്ചാൽ | എത്ര ശതമാനമാണോ അംഗവൈകല്യം അതിനനുസരിച്ചുള്ള തുക |
| 6. | അപകടം സംഭവിച്ചാൽ ആശുപത്രി ചിലവ് | പരമാവധി 30000/- രൂപ വരെ. |

മേൽ പറഞ്ഞ പോളിസിയുടെ കാലാവധി 1 വർഷം ആണ്. ശാഖാ മാനേജർമാർ Group Personal Accident Insurance Policy യുടെ വിവരങ്ങൾ അതാത് ചിട്ടി ക്യാൻവാസിങ്ങ്/ ഡോർ കളക്ഷൻ ഏജന്റുമാരേയും, ഗോൾഡ് അപ്രൈസർമാരേയും അറിയിക്കേണ്ടതാണ്. ഈ ഇൻഷ്വറൻസ് പോളിസിയുടെ ഭാഗമായി ഇൻഷ്വർ ചെയ്ത ഏജന്റുമാരുടെയും അപ്രൈസർമാരുടെയും പേരു വിവരങ്ങളും, ക്ലെയിം ഫോമും, മറ്റു വ്യവസ്ഥകളും 'Downloads' ൽ ലഭ്യമാണ്.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ.സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

**To:- എല്ലാ ശാഖാ തലവന്മാർക്കും**

**<u>പകർപ്പ്</u>**

1. **എല്ലാ മേഖലാ ഓഫീസുകൾക്കും**
2. **എല്ലാ IAD ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും**
3. **MD യുടെ PA**
4. **ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും**
5. **എല്ലാ SDT ഓഫീസുകൾക്കും**
6. **സർക്കുലർ ഫയൽ**